<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758</u> <u>08-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കണ്ടല സർവീസ് സഹകരണ ബാങ്കിന് സർക്കാർ പാക്കേജ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ കണ്ടല സർവീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും തുടർ നടപടികളും വ്യക്തമാക്കാമോ? | (എ) | കണ്ടല സർവ്വീസ് സഹകരണ ബാങ്കിനെ പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ 03.07.2024-ൽ യോഗം ചേരുകയും ചെയ്തിരുന്നു. പ്രസ്തുത യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>• തിരുവനന്തപുരം ജില്ലയിലെ സാമ്പത്തിക ഭദ്രതയുള്ള ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സ്വീകരിക്കേണ്ടതാണ്.<br>• കടാശ്വാസ ഇനത്തിൽ സർക്കാരിൽ നിന്നും കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചിട്ടുള്ള 2.25 കോടി രൂപ തടഞ്ഞ് വച്ച കേരള ബാങ്കിന്റെ നടപടി പുനപരിശോധിക്കേണ്ടതും തുക സംഘത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.<br>• ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് 2 സെയിൽ ആഫീസറെ സംഘത്തിൽ നിയമിക്കേണ്ടതാണ്.<br>• സംഘം പ്രവർത്തനത്തിന്റെ മേൽനോട്ടത്തിന് കേരള ബാങ്കിലെ ഒരു ആഫീസറുടെ സേവനം ലഭ്യമാക്കേണ്ടതാണ്.<br>• കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ആശുപത്രി ലീസിന് |

നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും, ലീസിന് നൽകുന്നതിന് മുമ്പ് വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. സംഘത്തിന്റെ ഓഫീസ് കെട്ടിടത്തിലെ നിലവിൽ ഉപയോഗിക്കാത്ത റൂമുകൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

- ബാങ്കിലെ നിലവിലെ ജീവനക്കാർക്ക് കൃത്യമായ ടാർഗറ്റ് നിശ്ചയിച്ച് നൽകേണ്ടതും ബാങ്കിന്റെ പുരോഗതിക്കായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശിക്കേണ്ടതുമാണ്.
- വായ്പ ഇനത്തിൽ ബാങ്കിന് ലഭ്യമാകേണ്ട തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ ചുവടെ ചേർക്കുന്നു.

1. കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ കുടിശ്ശിക കുറച്ച് നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുന്നതിനായി കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് മാത്രമായി 3 മാസകാലയളവിലേയ്ക്ക് കുടിശ്ശിക നിവാരണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
2. കാർഷിക കടാശ്വാസ കമ്മീഷനിൽ നിന്നും കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചിട്ടുള്ളതും കേരള ബാങ്ക് തടഞ്ഞുവച്ചിട്ടുള്ളതുമായ 2,25,38,538/- രൂപ സംഘത്തിന് ലഭ്യമാക്കുന്നത് കേരള ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
3. തിരുവനന്തപുരം ജില്ലയിലെ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.
4. വായ്പ ഇനത്തിൽ ബാങ്കിന് ലഭ്യമാക്കേണ്ട തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് വകുപ്പിൽ നിന്നുള്ള സെയിൽ ആഫീസറുടെ (എ&ഇ ഇൻസ്പെക്ടറുടെ) സേവനം ലഭ്യമാക്കിയിട്ടുണ്ട്.
5. 03.07.2024 തീയതിയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് DGM, PACS ന്റെ ചുമതലയുള്ള സീനിയർ മാനേജർ,

| | | | |
|---|---|---|---|
| | | | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ, സംഘം ജീവനക്കാർ എന്നിവർ ഉൾപ്പെടുന്ന യോഗം ചേരുകയും റിക്കവറി പ്രവർത്തനങ്ങൾക്ക് ടീമുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. ആഴ്ചതോറും സംഘം തല റിവ്യൂ മീറ്റിംഗും, മാസത്തിൽ ഒരു തവണ കേരള ബാങ്കിന്റെ റിവ്യൂ മീറ്റിംഗും നടത്തി വരുന്നു.<br>6. കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ആശുപത്രി ലീസിന് നൽകുന്നതിന് താൽപര്യപത്രം ക്ഷണിക്കാൻ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് അനുമതി നൽകിയിട്ടുണ്ട്.<br>7. കേരള ബാങ്കിന്റെ "മിഷൻ കണ്ടല 2025" പദ്ധതിയുടെ ഭാഗമായി 12.09.2024-ൽ സംഘത്തിൽ സ്വർണപണയ വായ്പ പദ്ധതി പുനരാരംഭിച്ചു. |

സെക്ഷൻ ഓഫീസർ